പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ --**6060** **10.07.2012-** ൽ മറുപടിക്ക്

<u>പ്രവാസിക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ.റ്റി.എ. അഹമ്മദ് കബീർ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 18-60 വയസ് ആക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>(ബി)ഉണ്ടെങ്കിൽ ആയത് അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ & ബി) നിലവിൽ പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 18 നും 55 നും മദ്ധ്യേയാണ്. ഇത് 18 - 60 ആയി ഉയർത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി)പ്രവാസി ക്ഷേമനിധി ബോർഡിന്റെ റീജിയണൽ ഓഫീസുകൾ പരിഗണനയിലുണ്ടോ; | (സി) കേരള പ്രവാസി ക്ഷേമ ബോർഡിന്റെ ഹെഡ് ഓഫീസ് തിരുവനന്തപുരത്തും റീജണൽ ഓഫീസുകൾ എറണാകുളം, കോഴിക്കോട് ജില്ലകളിലും ഇപ്പോൾത്തന്നെ പ്രവർത്തിച്ചുവരുന്നു. |
| (ഡി)ഇല്ലെങ്കിൽ കൂടുതൽ പ്രവാസികളുള്ള ജില്ലകളിലെങ്കിലും റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ? | (ഡി) പ്രവാസി ക്ഷേമ ബോർഡിന്റെ ആരംഭഘട്ടം എന്ന നിലയിലാണ് തിരുവനന്തപുരത്തെ ഹെഡ് ഓഫീസിനു പുറമേ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ മേഖലാ ഓഫീസുകൾ ആരംഭിച്ചത്. പ്രവാസി ക്ഷേമപദ്ധതി പ്രകാരം ബോർഡിന് നിബന്ധനകൾക്കനുസൃതമായി മേഖലാ/ജില്ല/പ്രാദേശിക ഓഫീസുകൾ തുറന്നു പ്രവർത്തിപ്പിക്കാവുന്നതാണ്. ക്ഷേമ പദ്ധതിയുടെ നടത്തിപ്പ് പുരോഗമിക്കുന്ന വേളയിൽ അംഗങ്ങളുടെ എണ്ണവും ആവശ്യങ്ങളും കണക്കിലെടുത്ത് വേഗത്തിൽ ബോർഡിന്റെ സേവനം നൽകുന്നതിനായി റീജണൽ ഓഫീസുകളോ മേൽപ്പറഞ്ഞ ഓഫീസുകളോ തുടങ്ങുന്നത് ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ